ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പല മറുപടികളോടും ഞാൻ യോജിക്കുകയാണ്. പൂട്ടിയ സ്ഥാപനങ്ങളൊക്കെ തൊഴിലാളികളുടെ കുഴപ്പം കൊണ്ടാണ് പൂട്ടിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ല. അതിനുപകരം മന്ത്രി പറഞ്ഞത് ഇലക്ട്രിസിറ്റി താരിഫിലുള്ള വർദ്ധനവും ഉദാരവൽക്കരണവും ആണ് കാരണം എന്നാണ്. ആ സത്യം അംഗീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ മുന്നിലുള്ള പ്രധാനപ്പെട്ട ചോദ്യം, പട്ടിണി കിടക്കുന്ന ഈ 11,000 തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള പുനരധിവാസ പദ്ധതി വളരെ വ്യക്തതയോടുകൂടി, കോൺക്രീറ്റായി ബഹുമാനപ്പെട്ട മന്ത്രിയുടെ കാലഘട്ടത്തിൽത്തന്നെ തയ്യാറാക്കി ഈ പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : ഇതിനുവേണ്ടി ബന്ധപ്പെട്ടവരുടെ ഒരു യോഗം നിയമസഭാ സമ്മേളനം കഴിഞ്ഞാൽ പാലക്കാട് വിളിച്ചു ചേർക്കുന്നതാണ്.

(2) പരമ്പരാഗത വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, 2003-2004-ലെ ബഡ്ജറ്റ് പ്രസംഗം 2003 മാർച്ച് 14-ന് ഈ മഹനീയ സഭയിൽ നടത്തിക്കൊണ്ട് ബഹുമാന്യനായ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ശങ്കരനാരായണൻ ഇങ്ങനെയാണ് പറഞ്ഞത് This Government is aware that traditional industries very often get a raw dcal in the process of globalisation. Clearly, piecemeal measures over the last several decades with little cohesion or convergence, have failed to alleviate the distress faced by the traditional sector. I am happy to announce that Government intends to constitute a Traditional Industries Support Fund. The fund will have a minimum corpus of Rs. 50 crores. I intend to providc to Rs. 50 crores for the first year 2003-04 as contribution to the corpus of this fund. ഇതേ പ്രസംഗം തന്നെ അദ്ദേഹം 2004-ലും ആവർത്തിച്ചു. അന്ന് അത് നടപ്പാക്കാൻ കഴിഞ്ഞില്ല. വീണ്ടും ആവർത്തിച്ച് അദ്ദേഹം 2004 ജനുവരി 23-ന് പറഞ്ഞത്, കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ പ്രഖ്യാപിച്ചതുപോലെ 50 കോടി രൂപയുടെ ഒരു പ്രാരംഭനിധിയുടെ പ്രവർത്തനം തുടങ്ങുന്നതാണ്, പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതാണ്. പരമ്പരാഗത മേഖലയിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുകയുണ്ടായി. വിദഗ്ദ്ധർ ഒരു ദൗത്യസംഘം രൂപീകരിക്കുന്നതാണ്. എന്ന് പക്ഷേ ഇത്തവണത്തെ ബഡ്ജറ്റ് ഈ കഴിഞ്ഞ ഫെബ്രുവരി 4-ാം തീയതി അവതരിപ്പിച്ചപ്പോൾ ഈ ഫണ്ടിനെക്കുറിച്ചോ അങ്ങനെ ഒരു സംഭവത്തെക്കുറിച്ചോ യാതൊരു പരാമർശവും ബഡ്ജറ്റിൽ ഇല്ല. അതുകൊണ്ടാണ് ഇങ്ങനെ ഒരു ശ്രദ്ധക്ഷണിക്കൽ വേണ്ടി വന്നത്. യഥാർത്ഥത്തിൽ കശുവണ്ടി വ്യവസായം, കയർ വ്യവസായം, കൈത്തറി വ്യവസായം, ഖാദി, മത്സ്യബന്ധന മേഖല, ഓട് വ്യവസായം കളിമൺപാത്ര വ്യവസായം, കരകൗശല വ്യവസായം ഇതെല്ലാം നമ്മുടെ പരമ്പരാഗത വ്യവസായങ്ങളാണ്. പുത്തൻകൂറ്റുകാർ ഈ രംഗത്തുവന്ന് ഏറ്റവും നവീനങ്ങളായ സങ്കേതങ്ങളുടെ പിന്നാലെ വളരെ ധൃതിപിടിച്ച് പായുന്നതുമൂലം നമ്മുടെ ഈ പരമ്പരാഗത മേഖലയെ totally we are ignoring എന്നുള്ള സ്ഥിതിയാണ് ഇപ്പോൾ ഉള്ളത്. 25 ലക്ഷം കുടുംബങ്ങളെങ്കിലും പ്രവർത്തിക്കുന്ന ഒരു മേഖലയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കേരളത്തിലെ ജനസംഖ്യയുടെ നേർപകുതിയായ ഒന്നര കോടിയോളം ജനങ്ങളുടെ ജീവിതമാർഗ്ഗമാണ് ഇത്. കശുവണ്ടി വ്യവസായത്തിൽ കൊല്ലം ജില്ലയിൽ മാത്രം മൂന്ന് ലക്ഷത്തിലേറെ കശുവണ്ടി കൃഷിക്കാരുണ്ട്, വ്യവസായികളുണ്ട്, തൊഴിലാളികളുണ്ട്, പ്രത്യക്ഷമായും പരോക്ഷമായും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉണ്ട്. അത് കൊല്ലം ജില്ലയിലെ ജനസംഖ്യയുടെ 10% വരും. അതുപോലെ വ്യവസായത്തിലെ ഏറ്റവും വലിയ പ്രതിസന്ധി കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനത്തിലെ പ്രശ്നമാണ്. നമുക്ക് 10 ലക്ഷം മെഗാടൺ കശുവണ്ടി ആവശ്യമുള്ളപ്പോൾ നമ്മൾ പരമാവധി 4 ലക്ഷം മെഗാടൺ മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. അതുകൊണ്ട് കശുമാവ് കൃഷിക്ക് plantation status നൽകി പുനഃസംഘടിപ്പിക്കുക, കേന്ദ്ര സർക്കാരിൽ നിന്നും പരമാവധി ആനുകൂല്യം ലഭിക്കത്തക്കവിധം കാഷ്യൂബോർഡ് രൂപീകരിക്കുക, സ്വകാര്യ കശുമാവ് പ്ലാന്റേഷൻ പ്രോത്സാഹിപ്പിക്കുക, കാഷ്യൂ കോർപ്പറേഷനും കാപ്പക്സും ശരിയായ ബിസിനസ് സ്ഥാപനങ്ങളാക്കി പ്രർത്തിപ്പിക്കുക, രണ്ട് സ്ഥാപനങ്ങളുടെയും പ്രൊഫഷണൽ മാനേജുമെന്റ് സംവിധാനം മെച്ചപ്പെടുത്തുക, മാർക്കറ്റിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, കാപ്പക്സിന് സാമ്പത്തിക സഹായം നൽകുന്ന കാര്യത്തിൽ തൊഴിലാളികളുടെ ഒരു അപ്പക്സ് സംഘം എന്ന നിലയിൽ അതിന് പ്രത്യേക പരിഗണന നൽകുക മുതലായവയാണ് കശുവണ്ടി വ്യവസായരംഗത്ത് സ്വീകരിക്കാനുള്ള നടപടികൾ. അതുപോലെ കൈത്തറി വ്യവസായരംഗത്തിൽ, 'ദീൻദയാൽ' കൈത്തറി വികസന പദ്ധതിയാണ് കൈത്തറി വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഏക ക്ഷേമപദ്ധതി. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേരളത്തിലെ 275-ൽപരം സംഘങ്ങൾ ഈ പദ്ധതിപ്രകാരം ഉൽപ്പാദിപ്പിക്കുന്ന വസ്ത്രങ്ങൾ സംഭരിക്കുന്നു. പക്ഷേ വിപണനം മാത്രം നടക്കുന്നില്ല. കൈത്തറി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ ഇനിയും ആവിഷ്ക്കരിക്കുന്നില്ല. കോടിക്കണക്കിന് രൂപയുടെ വസ്ത്രങ്ങളാണ് ഇതുമൂലം കെട്ടിക്കിടക്കുന്നത്. എൻ.സി.ഡി.സി.-യിൽ നിന്നുള്ള ധനസഹായം കൈത്തറി—കയർ വ്യവസായങ്ങൾ തിരിച്ചടച്ചില്ല എന്ന കാരണം പറഞ്ഞ് നൽകിയില്ല. പക്ഷേ കോടിക്കണക്കിന് രൂപയുടെ വായ്പ മറ്റ് മേഖലകൾക്ക് എൻ.സി.ഡി.സി. തുടർന്നും അനുവദിക്കുന്നു. ഈ സർക്കാരിന്റെ ചിറ്റമ്മനയം അവസാനിപ്പിക്കണം. അതുകൊണ്ട് എൻ.സി.ഡി.സി.-യിൽ നിന്നും കൈത്തറി മേഖലയ്ക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. മനുഷ്യന്റെ, മാനവരാശിയുടെ ഈ പുതിയ പരിഷ്ക്കാരങ്ങളും സംസ്ക്കാരവും ഉണ്ടായതിനുശേഷം നമ്മളെല്ലാം വസ്ത്രം ധരിക്കുന്നു. ഒന്നര വസ്ത്രം ധരിച്ചിരുന്നവർ ഇന്ന് നാലും അഞ്ചും വസ്ത്രം ധരിച്ചാണ് നടക്കുന്നത്. പക്ഷേ പരമ്പരാഗതമായ ഈ മേഖലയ്ക്ക് മാത്രം ഒന്നും കിട്ടുന്നില്ല. ഈ രംഗത്ത് കള്ളൻമാർ ഇല്ലെന്ന് പറയുന്നില്ല. റിബേറ്റ് തട്ടിപ്പ് നടത്തുന്ന കുറെ സംഘങ്ങളുണ്ട്. അതിൽനിന്നും വ്യാജ സംഘങ്ങളെ തെരഞ്ഞുപിടിച്ച് ഒഴിവാക്കിയതിനുശേഷം യഥാർത്ഥ കൈത്തറി തൊഴിലാളികൾക്ക് അവർ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ വിപണനം നടത്തുന്നതിനുള്ള സങ്കേതങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൂടിയാണ് അന്ന് ഇങ്ങനെ പ്രഖ്യാപിച്ചത്. അതുപോലെ കയർ വ്യവസായരംഗത്തിന്റെ കാര്യമെടുത്താൽ കാസർഗോഡ് മുതൽ കോവളം വരെ 250 വില്ലേജുകളിലായി നാല് ലക്ഷത്തോളം ആളുകൾ പണിയെടുക്കുന്ന ഒരു മേഖലയാണിത്. അവരെ ആശ്രയിച്ച് 20 ലക്ഷത്തോളം

കുടുംബങ്ങൾ കഴിയുന്നുണ്ട്. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം, ഈ കാര്യത്തിൽ കശുവണ്ടി വ്യവസായംപോലെ അന്യസംസ്ഥാനങ്ങളിൽ സ്വകാര്യ മുതലാളിമാർ മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നതാണ്. രണ്ട് ലക്ഷം രൂപ വരെ ഇതിന് സബ്സിഡിയായി ലഭിക്കുന്നു. തമിഴ്നാട്ടിൽ സബ്സിഡി കൊടുക്കുന്നു. അതുകൊണ്ട് വ്യാപാരികൾ പലരും തമിഴ്നാട്ടിൽ പൊള്ളാച്ചിയിലും മറ്റും പോവുകയാണ്. അവിടെ നിന്നാണ് നമുക്ക് ഇങ്ങോട്ട് ചകിരി വരുന്നത്. തൊണ്ടിന്റെ ലഭ്യതക്കുറവാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. Farm Information Bureau-യുടെ കണക്കനുസരിച്ച് 550 കോടിയോളം നാളികേരമാണ് കേരളത്തിൽ ഒരു വർഷം ഉൽപ്പാദിപ്പിക്കുന്നത്. 330 കോടി തൊണ്ടാണ് നാലുലക്ഷം തൊഴിലാളികൾക്ക് 240 ദിവസം തൊഴിലെടുക്കാൻ വേണ്ടത്. പക്ഷേ 60% പോലും നമുക്ക് സംഭരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് സത്യം. ചകിരിയുടെ അനിയന്ത്രിതമായ വില വർദ്ധനവ് തടഞ്ഞുനിർത്തിക്കൊണ്ട് നാലുലക്ഷം തൊഴിലാളികൾക്ക് 240 ദിവസം തൊഴിൽ നൽകാൻ ഗ്രാമ-കുടുംബശ്രീ അയൽകൂട്ടങ്ങളെക്കൊണ്ട് തൊണ്ട് സംഭരിക്കുന്നതിനുള്ള പുതിയ നടപടി സ്വീകരിക്കണം. അതുപോലെ Kerala State Coir Corporation, Foam Mattings എന്നിവ വഴി ഇത് സംഭരിക്കാൻ നടപടിയുണ്ടാകണം. പണ്ടൊക്കെ സഹകരണ സംഘങ്ങൾ തെങ്ങുകൾ പാട്ടത്തിന് എടുത്തിട്ട് വായ്പ കൊടുക്കുമായിരുന്നു. ഇന്ന് ആ പദ്ധതി ഇല്ലാത്തതുകൊണ്ട് തൊണ്ട് മൊത്ത സംഭരണം നടത്താൻ നമുക്ക് കഴിയുന്നില്ല. പൊള്ളാച്ചിയിൽ നിന്നുള്ള കരിക്കിന്റെ നാരുള്ള തൊണ്ട് കൊണ്ടുവന്ന് ചകിരി ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ചുകൊണ്ട് ഇവിടെനിന്നും ജർമ്മനിയിൽ കയറ്റുമതി ചെയ്താൽ അവിടെ ചെല്ലുമ്പോൾ ക്വാളിറ്റി മോശമാണെന്ന് പറഞ്ഞ് തള്ളുകയാണ്. നമ്മുടെ ഈ വ്യവസായം തകരുന്നതിന് കാരണം നമ്മുടെ തന്നെ മുന്നിലുള്ള ഈ വസ്തുവിനെപോലും ഉപയോഗിക്കാതെ മാറ്റുന്നതാണ്. അതുകൊണ്ട് ചകിരിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ ഇടപെടണം. അതുപോലെ തന്നെ പ്ലാസ്റ്റിക്, ജൂട്ട് തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് കയർ വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇവിടെ ഐ.ടി. വകുപ്പിന് ഒരു മന്ത്രിയെ തീരുമാനിച്ചു. അതുപോലെതന്നെ പുതിയതായി പരമ്പരാഗത വ്യവസായ വികസന വകുപ്പ് എന്ന ഒരു വകുപ്പ് രൂപീകരിക്കണം. കാരണം, കേരളത്തിൽ ഇത്രയും തൊഴിലാളികൾ പണിയെടുക്കുന്ന ഒരു മേഖലയ്ക്ക് ഒരു പ്രത്യേക വകുപ്പ് ആവശ്യം തന്നെയാണ്. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ എന്ന ഒരു വകുപ്പുള്ളതുപോലെ ഈ പരമ്പരാഗത വ്യവസായ വകുപ്പിനെ നവീന വ്യവസായം എന്നും പരമ്പരാഗത വ്യവസായം എന്നും പറഞ്ഞ് രണ്ടായി പുന:സംഘടിപ്പിക്കാൻ തയ്യാറാകണം എന്നാണ് എന്റെ അഭ്യർത്ഥന. എം.ജി.പി.ക്കുവേണ്ടി അങ്ങ് 100 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആ 100 കോടി രൂപ എന്തുകൊണ്ട് പരമ്പരാഗത വ്യവസായത്തിന് നൽകിക്കൂടാ? എം.ജി.പി. വഴി എത്ര ജനങ്ങൾക്കാണ് ആനുകൂല്യം കിട്ടുന്നത്? എന്ത് പ്രയോജനമാണ് ഇതുമൂലം ഈ രാജ്യത്ത് ഉണ്ടാകുന്നത്? അതും ഇതുമായി താരതമ്യപ്പെടുത്തുമ്പോഴും ഇതിന് ഒരു പ്രയോറിറ്റി നിശ്ചയിക്കണ്ടേ? ഈ വക കാര്യങ്ങളിൽ പ്രായോറിറ്റി നിശ്ചയിക്കാൻ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് എത്രയും പെട്ടെന്ന് traditional support fund രൂപീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കൈത്തറി, കയർ, കശുവണ്ടി, കരകൗശലം, ഖാദി, കൃഷി, ഫിഷറീസ്, മൃഗസംരക്ഷണം എന്നീ മേഖലകളിൽ പുതിയ തൊഴിലവസരങ്ങളും ആധുനികവൽക്കരണവും തൊഴിലാളികൾക്ക് കൂടുതൽ ക്ഷേമ നടപടികളും ആരംഭിക്കുക എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു 2003-2004-ലെ ബജറ്റ് പ്രസംഗത്തിൽ 'പരമ്പരാഗത വ്യവസായ സഹായനിധി' രൂപീകരിക്കുന്നതിനെ സംബന്ധിച്ച പ്രഖ്യാപനങ്ങൾ നടത്തിയത്. പരമ്പരാഗത വ്യവസായ നിധിയുടെ കരടുരൂപം തയ്യാറാക്കി ആസൂത്രണ വകുപ്പിന്റെ അംഗീകാരത്തോടെ ധനകാര്യവകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ഈ നിധിയിൽ നിന്നും പരമ്പരാഗത വ്യവസായ വികസനത്തിനുള്ള വിവിധ പ്രോജക്ടുകൾക്ക് ധനസഹായം നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പാക്കണമെന്ന ലക്ഷ്യത്തോടുകൂടി പരമ്പരാഗത മേഖലയുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള വിവിധ പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ ഇതിനകം രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. കശുവണ്ടി വികസന കോർപ്പറേഷൻ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പാടെ തകർച്ചയിലായിരുന്നു. 107 കോടി രൂപയുടെ കടബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുത്തു. കഴിഞ്ഞ രണ്ടു മാസങ്ങൾക്കു മുമ്പാണ് കണ്ടിജൻസി ഫണ്ടിൽ നിന്നും 20 കോടി രൂപ നൽകിയത്. ഇന്നലെ ഈ സഭയിൽ കൈത്തറി സംബന്ധിച്ച് വിവിധ പദ്ധതികളെപ്പറ്റി ഞാൻ വിശദീകരിക്കുകയുണ്ടായി. വൈവിദ്ധ്യമാർന്ന പുതിയ ഡിസൈനോടുകൂടിയ തുണികൾ ഉൽപ്പാദിപ്പിക്കുവാനും ബ്രാന്റ് നെയിം മാർക്കറ്റിൽ പ്രചരിപ്പിക്കുവാനുമുള്ള ശ്രമവും നടന്നുവരികയാണ്. കണ്ണൂർ ടി.സി., ഐ.ഡി.എസ്. പദ്ധതി നടപ്പിലാക്കുമ്പോൾ 26 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുക. 'തനിമ', 'കൃതിക' പദ്ധതികൾ കണ്ണൂരിലും തിരുവനന്തപുരത്തും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, പരമ്പരാഗത വ്യവസായ രംഗത്ത് ഓരോ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം തിട്ടപ്പെടുത്തി ഈ പരമ്പരാഗത വ്യവസായ സംരക്ഷണ നിധി പ്രാവർത്തികമാക്കുമ്പോൾ ആനുപാതികമായി സംരക്ഷണത്തിനുവേണ്ടിയുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുവാനും വിതരണം നടത്തുവാനും നടപടി സ്വീകരിക്കുമോ?

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഈ വിഷയം ധനകാര്യ വകുപ്പുമായി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.